പതിനാറാം കേരളനിയമസഭ

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 1915 **26-10-2026-ൽ മറുപടിയ്ക്ക്**

സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം വെബ് പോർട്ടൽ

ചോദ്യം ഉന്നയിച്ച അംഗങ്ങൾ	**മറുപടി നൽകിയ മന്ത്രി**
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ	ശ്രീ. വി. ഡി. സതീശൻ (മുഖ്യമന്ത്രി)

(എ) ദേശീയ സമ്പാദ്യ വകുപ്പിന്റെ സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം (എസ്.എസ് .എസ്) പദ്ധതിക്കായി കൈറ്റ് രൂപകൽപ്പന ചെയ്ത എസ്.എസ്.എസ്. വെബ് പോർട്ടലിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം അറിയിക്കാമോ; പോർട്ടൽ പൂർണമായി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള സമയപരിധി എന്നാണെന്ന് വ്യക്തമാക്കാമോ;

മറുപടി: സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീമുമായി ബന്ധപ്പെട്ട് വെബ് പോർട്ടൽ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുകയും, പൈലറ്റ് ഘട്ടത്തിൽ പ്രവർത്തന തലത്തിൽ നിന്നും ലഭ്യമായ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പോർട്ടലിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ പരിശോധന നടത്തി സോഫ്റ്റ് ലോഞ്ചിന് സജ്ജമാക്കിയിട്ടുണ്ട്. പോർട്ടൽ പൂർണമായിപ്രവർത്തനക്ഷമമാക്കുന്നതിനുള്ള സമയപരിധി നിശ്ചയിച്ചിട്ടില്ല.

(ബി) എസ്.എസ്.എസ്. വെബ് പോർട്ടലിന്റെ പ്രവർത്തനത്തിനാവശ്യമായ ജില്ലാതല ഉദ്യോഗസ്ഥർക്കുള്ള പരിശീലനം പൂർത്തിയായിട്ടുണ്ടോ; സംസ്ഥാനത്ത് എസ്.എസ്.എസ്. പോർട്ടലുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര അധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;

മറുപടി: സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം വെബ് പോർട്ടലിന്റെ പ്രവർത്തനത്തിനാവശ്യമായ ജില്ലാതല ഉദ്യോഗസ്ഥരുടെ പ്രാഥമിക പരിശീലനം പൂർത്തിയായിട്ടുണ്ട്. അധ്യാപകർക്ക് നിലവിൽ പരിശീലനം നൽകിയിട്ടില്ല. പോർട്ടലിന്റെ സോഫ്റ്റ് ലോഞ്ചിനോടനുബന്ധിച്ച് ഘട്ടം ഘട്ടമായി പ്രസ്തുത പരിശീലനം ആരംഭിക്കുന്നതാണ്.

(സി) എസ്.എസ്.എസ്. വെബ് പോർട്ടൽ പ്രവർത്തനക്ഷമമാക്കുന്നതിന് സാങ്കേതികമോ ഭരണപരമോ ആയ തടസ്സങ്ങൾ എന്തെങ്കിലും നിലനിൽക്കുന്നുണ്ടോ; എങ്കിൽ അവ എന്തൊക്കെയാണെന്നും ആയവ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും വ്യക്തമാക്കാമോ?

മറുപടി: സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം വെബ് പോർട്ടൽ പ്രവർത്തനക്ഷമമാക്കുന്നതിന് സാങ്കേതികമോ ഭരണപരമോ ആയ തടസ്സങ്ങൾ നിലവിലില്ല.

സെക്ഷൻ ഓഫീസർ

16-ാം കേരള നിയമസഭ - 02-ാം സമ്മേളനം

26/10/2026 ന് ബഹു. മുഖ്യമന്ത്രി മറുപടി നൽകേണ്ട നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം 1915

(സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം വെബ് പോർട്ടൽ)

പിരിവ്	ചോദ്യം	മറുപടി
എ)	ദേശീയ സമ്പാദ്യ വകുപ്പിന്റെ സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം (എസ്.എസ്.എസ്.) പദ്ധതിക്കായി കൈറ്റ് രൂപകൽപ്പന ചെയ്ത എസ്.എസ്.എസ്. വെബ് പോർട്ടലിന്റെ നിലവിലെ സ്ഥിതി സംബന്ധിച്ച വിവരം അറിയിക്കാമോ; പോർട്ടൽ പൂർണമായി പ്രവർത്തനക്ഷമമാക്കുന്നതിനുള്ള സമയപരിധി എന്നാണെന്ന് വ്യക്തമാക്കാമോ;	സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീമുമായി ബന്ധപ്പെട്ട് വെബ് പോർട്ടൽ സംസ്ഥാനത്ത് എല്ലാ ജില്ലകളിലും പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പിലാക്കുകയും, പൈലറ്റ് ഘട്ടത്തിൽ പ്രവർത്തന തലത്തിൽ നിന്നും ലഭ്യമായ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ പോർട്ടലിൽ ആവശ്യമായ മാറ്റങ്ങൾ വരുത്തി അന്തിമ പരിശോധന നടത്തി സോഫ്റ്റ് ലോഞ്ചിന് സജ്ജമാക്കിയിട്ടുണ്ട്. പോർട്ടൽ പൂർണമായിപ്രവർത്തനക്ഷമമാക്കുന്നതിനുള്ള സമയപരിധി നിശ്ചയിച്ചിട്ടില്ല.
ബി)	എസ്.എസ്.എസ്. വെബ് പോർട്ടലിന്റെ പ്രവർത്തനത്തിനാവശ്യമായ ജില്ലാതല ഉദ്യോഗസ്ഥർക്കുള്ള പരിശീലനം പൂർത്തിയായിട്ടുണ്ടോ; സംസ്ഥാനത്ത് എസ്.എസ്.എസ്. പോർട്ടലുമായി ബന്ധപ്പെട്ട് ഇതുവരെ എത്ര അധ്യാപകർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്ന് അറിയിക്കാമോ;	സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം വെബ് പോർട്ടലിന്റെ പ്രവർത്തനത്തിനാവശ്യമായ ജില്ലാതല ഉദ്യോഗസ്ഥരുടെ പ്രാഥമിക പരിശീലനം പൂർത്തിയായിട്ടുണ്ട്. അധ്യാപകർക്ക് നിലവിൽ പരിശീലനം നൽകിയിട്ടില്ല. പോർട്ടലിന്റെ സോഫ്റ്റ് ലോഞ്ചിനോടനുബന്ധിച്ച് ഘട്ടം ഘട്ടമായി പ്രസ്തുത പരിശീലനം ആരംഭിക്കുന്നതാണ്.
സി)	എസ്.എസ്.എസ്. വെബ് പോർട്ടൽ പ്രവർത്തനക്ഷമമാക്കുന്നതിന് സാങ്കേതികമോ ഭരണപരമോ ആയ തടസ്സങ്ങൾ എന്തെങ്കിലും നിലനിൽക്കുന്നുണ്ടോ; എങ്കിൽ അവ എന്തൊക്കെയാണെന്നും ആയവ പരിഹരിക്കുന്നതിനായി സ്വീകരിച്ച നടപടികളുടെ വിശദാംശങ്ങളും വ്യക്തമാക്കാമോ?	സ്റ്റുഡന്റ്സ് സേവിംഗ്സ് സ്കീം വെബ് പോർട്ടൽ പ്രവർത്തനക്ഷമമാക്കുന്നതിന് സാങ്കേതികമോ ഭരണപരമോ ആയ തടസ്സങ്ങൾ നിലവിലില്ല.

സെക്ഷൻ ഓഫീസർ